**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2278** **09-02-2023 - ൽ മറുപടിയ്ക്ക്**

**കേരളോത്സവത്തിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേരളോത്സവങ്ങളിൽ ഭീമമായ തുക പ്രത്യക്ഷമായും പരോക്ഷമായും ചെലവഴിച്ചിട്ടും മത്സരാർത്ഥികളുടെ പങ്കാളിത്തം കുറയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | (എ) | 2019ന് ശേഷം കോവിഡ് 19 കാരണം മുടങ്ങിപ്പോയ കേരളോത്സവം ഈ വർഷമാണ പുനരാരംഭിച്ചത്. ആയതിനാൽ സംഘാടനവുമായി ബന്ധപ്പെട്ട് ചുരുങ്ങിയ കാലയളവ് മാത്രമാണ് ലഭിച്ചിരുന്നത് എന്നിരുന്നാലും മുൻ വർഷങ്ങളിലേതുപോലെ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി മികച്ച പങ്കാളിത്തത്തോടെ തന്നെയാണ് 2022ൽ കേരളോത്സവം സംഘടിപ്പിച്ചത്. ഏതാനും വിഭാഗങ്ങൾ ഒഴികെ മറ്റെല്ലാ വിഭാഗത്തിലും പതിനാല് ജില്ലകളിൽ നിന്നും പ്രാതിനിധ്യം ഉണ്ടാകുകയും മികവുറ്റ രീതിയിൽ സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. |
| (ബി) | ഇത് പരിഹരിക്കുന്നതിന് കേരളോത്സവത്തിലെ ജില്ലാതല വിജയികൾക്ക് പി.എസ്.സി. അഭിമുഖങ്ങളിൽ പ്രത്യേക പരിഗണന നൽകുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ